എം. കെ. എൻ. എം. എച്ച്. എസ്. എസ്. അദ്ധ്യാപകനായ ജോൺസൺ കെ. ജോർജ്ജിന്റെ നിയമന ഉത്തരവ്

86 (2961) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട കണ്ണനല്ലൂർ എം. കെ. എൻ. എം. എച്ച്. എസ്. എസ്. -ലെ ഗണിത അദ്ധ്യാപകനായ ജോൺസൺ കെ. ജോർജ്ജിന്റെ നിയമന ഉത്തരവ് അനന്തര നടപടിക്കായി സർക്കാരിന് ലഭിച്ചത് എന്നാണ് ;

(ബി) മാനേജരുടെ നിയമന ഉത്തരവിന് സർക്കാർ അംഗീകാരം നൽകുകയുണ്ടായോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(സി) കാലതാമസം ഒഴിവാക്കി ജോൺസൺ. കെ. ജോർജ്ജിന്റെ നിയമനം അംഗീകരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രീ. ജോൺസൺ കെ. ജോർജ്ജിന്റെ നിയമനം നിരസിച്ചുകൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനെതിരെ സ്കൂൾ മാനേജർ സമർപ്പിച്ച അപ്പീൽ ഗവൺമെന്റിൽ ലഭിച്ചത് 5-1-2000-ൽ ആണ്.

(ബി & സി) മാനേജരുടെ അപ്പീലിന്മേലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപ്പീൽ പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

നരിക്കുനി ഗവൺമെന്റ് ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന അപേക്ഷ

87 (2962) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ഗവൺമെന്റ് ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന പി. ടി. എ. കമ്മിറ്റിയുടെ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) നരിക്കുനി ഹൈസ്കൂളിൽ പ്ലസ് ടു ക്ലാസ്സുകൾ എന്നത്തേയ്ക്ക് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) 2000-2001 അദ്ധ്യയന വർഷത്തേക്ക് പുതുതായി പ്ലസ് ടു കോഴ്സുകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുകയും അതനുസരിച്ച് ലഭിച്ച അപേക്ഷകൾ ഗവൺമെന്റ് പരിശോധിച്ചു വരികയുമാണ്. നരിക്കുനി ഹൈസ്കൂൾ, വ്യവസ്ഥകൾക്കനുസരണമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly